ശ്രീ. ജോസഫ് മണ്ടശ്ശേരി : ഇൻഡസ്ട്രിയൽ ഫൈനാൻസ് കാപ്പറേഷനും, സ്റ്റേറ്റ് എയിഡ് ഇൻഡസ്ട്രി സുബോർഡും എന്താണ് പ്രവത്തിക്കുന്നത് ?

ശ്രീ. എ. എ. റഹിം : ഫൈനാൻസ് കാർപ്പറേഷൻ വ്യവസായ വായ്പയായി ഒരുലക്ഷം രൂപവരെ കൊടുക്കുന്നു. ചെറുകിടവ്യവസായങ്ങൾക്കും മറ്റും ഇൻഡസ്ട്രീസ് ബോർഡ് അൻപതിനായിരം രൂപവരെ കടം കൊടുക്കുന്നു.

തൊഴിലില്ലായ്മ അന്വേഷണക്കമ്മിറ്റി.

* 24. [26] ശ്രീ. പി. കുഞ്ഞൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) തൊഴിലില്ലായ്മയെപ്പറ്റി അന്വേഷിച്ച് അതിനുള്ള പരിഹാരമാർഗ്ഗങ്ങളെപ്പറ്റി നിർദ്ദേശിക്കുവാൻ ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടോ ;

(ബി) അതിന്റെ വിശദമായ റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) അഭ്യസ്തവിദ്യരുടെ ഇടയിലുള്ള തൊഴിലില്ലായ്മയെപ്പറ്റി അന്വേഷിക്കുന്നതിനും, അതിനുള്ള പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായി ഗവണ്മെന്റ് ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കമ്മിറ്റി ഒരു താൽക്കാലിക റിപ്പോർട്ട് നൽകിയിട്ടുണ്ട്.

(സി) ആ റിപ്പോർട്ട് ഈ ഗവണ്മെന്റ് അംഗീകരിക്കുകയും, സെൻട്രൽ സ്റ്റഡീഗ്രൂപ്പ് ആൺ എഡ്യൂക്കേറ്റഡ് ആൺ എപ്ലോയ്മെന്റിന്റെ പരിഗണനയ്ക്കായി അയച്ചുകൊടുക്കുകയും ചെയ്തു.

ശ്രീ. പി. കുഞ്ഞൻ : അവസാന റിപ്പോർട്ട് എന്നു കിട്ടുമെന്നു പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കുറച്ചു സമയംകൂടി വേണ്ടിവരും.

ശ്രീ. കെ. എ. ബാലൻ : ആ റിപ്പോർട്ട് ഈ സഭയുടെ ചർച്ചയ്ക്കു വിധേയമാക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെയുള്ള ഒരു റിപ്പോർട്ടല്ല അത്. പ്ലാനിംഗ് കമ്മീഷന്റെ ആഭിമുഖ്യത്തിൽ ഒരു സെൻട്രൽ ആർഗനൈസേഷൻ ഉണ്ട്. സെൻട്രൽ സ്റ്റഡി ഗ്രൂപ്പ് ആൺ എഡ്യൂക്കേറ്റഡ് അൺഎംപ്ലോയ്മെന്റിന്റെ പരിഗണനയ്ക്കായി ആ റിപ്പോർട്ട് അയച്ചിരിക്കുകയാണ്. അതു ഈ ഗവണ്മെന്റ് ചർച്ചചെയ്യുന്നതിരുമാനിക്കാനുള്ള തല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദിവാകരൻ : ഇടക്കാല റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങളും എന്തെല്ലാമാണ് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. ടി. കെ. ദിവാകരൻ : രണ്ടാം പഞ്ചവത്സര പദ്ധതിയിൽ അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് കൂടുതൽ തുക കിട്ടാൻ സാദ്ധ്യതയുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ട്.

WRITTEN ANSWERS

Memorandum Submitted by the T. C. Lawyers Conference.

* 25. [36] SHRI V. V. SEBASTIAN : Will the Minister be pleased to state :

(a) whether a memorandum has been submitted to the Government by the Travancore-Cochin Lawyers' Conference recently held at Trivandrum ;

(b) what action, if any, has been taken thereon by the Government ; and

(c) have the Government any scheme to improve the lot of unemployed and under employed lawyers of this State ?

Home Minister (SHRI A. J. JOHN) :

(a) Yes.

(b) The points urged in the Memorandum are under the consideration of Government.

(c) No.

പ്രൈവറ്റ് മോട്ടോർബോട്ട് വ്യവസായം.

* 26. [40] ശ്രീ. പി. കെ. അബ്ദുൽഖാദർ : താഴെ പറയുന്ന ചോദ്യത്തിന് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ പ്രൈവറ്റ് മോട്ടോർബോട്ട് വ്യവസായം 2-ാം പഞ്ചവത്സരപദ്ധതിയിൽ പൊതു ഉടമയിൽ കൊണ്ടുവരുന്നതിന് വല്ല നിർദ്ദേശിക്കുന്നുണ്ടോ ?

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേലായുധൻ) :

ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly